# കേരള സർവകലാശാല

നം. പി.ആർ.110/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഭാഷയ്ക്കൊരു ഡോളർ പുരസ്കാരം ഡോ. സന്ധ്യ.എ.എസ്-ന്

മലയാളത്തിലെ ഏറ്റവും നല്ല ഗവേഷണപ്രബന്ധത്തിന് കേരള സർവകലാശാല അമേരിക്ക മലയാളി സംഘടനകളുടെ ഫെഡറേഷനായ ഫൊക്കാനയുമായി ചേർന്ന് നൽകുന്ന 'ഭാഷയ്ക്കൊരുഡോളർ' (2015) പുരസ്കാരത്തിന് ഡോ.സന്ധ്യ.എ.എസ് അർഹയായി. അമ്പതിനായിരം രൂപയും പ്രശസ്തിപത്രവുമാണ് അവാർഡ്. പുരസ്കാരത്തിന് അർഹമായ പ്രബന്ധം കേരള സർവകലാശാല പ്രസിദ്ധീകരിക്കും. അവാർഡിനും പ്രസിദ്ധീകരണത്തിനുമുള്ള തുക നൽകുന്നത് ഫൊക്കാനയാണ്. 'ഫോക്ലോർ ഘടകങ്ങൾ നോവലിൽ - എസ്.കെ.പൊറ്റെക്കാട്ട്, വൈക്കം മുഹമ്മദ് ബഷീർ, കോവിലൻ എന്നിവരുടെ നോവലുകളെ ആസ്പദമാക്കിയുള്ള പഠനം' എന്ന പ്രബന്ധമാണ് അവാർഡിനർഹമായത്. ഡോ. എം.എസ്. സുചിത്രയാണ് ഗവേഷണത്തിന് മാർഗ്ഗനിർദ്ദേശം നൽകിയത്. കേരള സർവകലാശാലയിൽ നിന്നാണ് പി.എച്ച്.ഡി. ലഭിച്ചത്. സാമൂഹിക പ്രസക്തി, ഗവേഷണരീതീശാസ്ത്രം, അക്കാദമിക പ്രാധാന്യം, ഉള്ളടക്കത്തിന്റെ നിലവാരം, വൈജ്ഞാനിക സംഭാവന എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 2015-ൽ പി.എച്ച്.ഡി അവന്നർഡ് ചെയ്ത 14 മലയാളം പി.എച്ച്.ഡി. തീസിസുകൾ പരിശോധിച്ചതിൽ നിന്നാണ് ഡോ.സന്ധ്യ.എ.എസ്-ന്റെ പ്രബന്ധം തെരഞ്ഞെടുത്തത്. മെയ് 23 വൈകുന്നേരം നാല് മണിക്ക് തിരുവനന്തപുരം പ്രസ് ക്ലബിൽ നടക്കുന്ന യോഗത്തിൽ സംസ്ഥാന വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. സി. രവീന്ദ്രനാഥ് അവാർഡ് സമ്മാനിക്കും.

### ബി.ടെക് ഫലം

കേരള സർവകലാശാല 2016 സെപ്തംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ചേർഡ് 2008 സ്കീം സപ്ലിമെന്ററി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എഡ്, എം.എഡ് പ്രവേശനം (2017-19)

കേരള സർവകലാശാല 2017-19 അധ്യയനവർഷത്തേക്കുള്ള ഗവ./ എയ്ഡഡ്/ സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിലേക്കും കേരള സർവകലാശാല കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനുളിലേക്കും ബി.എഡ് പ്രവേശനത്തിനും, 2017-19 അധ്യയനവർഷത്തേക്കുള്ള ഗവ./ എയ്ഡഡ്/ സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിലേക്കുള്ള എം.എഡ് പ്രവേശനത്തിനും അപേക്ഷ ക്ഷണിച്ചു. അപേക്ഷാഫാറം മേയ് 20 മുതൽ അതത് കോളേജുകളിൽ നിന്നും ലഭിക്കും. കോളേജുകളിൽ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ ആറ്. നോട്ടിഫിക്കേഷനും മറ്റ് വിശദവിവരങ്ങളും വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ വൈവ വോസി പരീക്ഷ

കേരള സർവകലാശാല 2017 ഏപ്രിൽ/മെയിൽ നടത്തിയ അവസാന വർഷ ബി.എ (ആന്വൽ സ്കീം) പരീക്ഷയോടനുബന്ധിച്ച് ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ മെയിൻ വിദ്യാർത്ഥികൾക്കായി നടത്തുന്ന വൈവ വോസി പരീക്ഷ മെയ് 29-ന് ആരംഭിക്കും. തിരുവനന്തപുരം സർവകലാശാല സെനറ്റ് ഹാൾ, കൊല്ലം തേവള്ളി കേരള സർവകലാശാല ബി.എഡ് സെന്റർ, ആലപ്പുഴ എസ്.ഡി കോളേജ് എന്നീ കേന്ദ്രങ്ങളിലായിരിക്കും പരീക്ഷ നടക്കുക. വിശദ മായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
20.05.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098